"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എബി ചാക്കോ (പെൻ:810338)-യ്ക്ക് അനുവദിച്ച ഹോസ്പിറ്റൽ ലീവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.494/2026/TAXES തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-
1. 11.06.2025-ലെ ജി.ഒ.(ആർടി) നം.544/2025/ടാക്സസ്
2. 03.09.2025-ലെ ജി.ഒ.(ആർടി) നം.826/2025/ടാക്സസ്
3. ശ്രീ. എബി ചാക്കോയുടെ 27.09.2025-ലെ സമർപ്പണവും അവധി അപേക്ഷയും
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 26.03.2026-ലെ SLTY/ 4050/2024-E4 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എബി ചാക്കോ (പെൻ:810338)-യ്ക്ക് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം 06.07.2024 മുതൽ 01.04.2025 വരെയും 02.04.2025 മുതൽ 30.06.2025 വരെയും ഹോസ്പിറ്റൽ ലീവ് അനുവദിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ തന്റെ പരിക്ക് ഗുരുതരമായതിനാൽ തുടർചികിത്സ ആവശ്യമുണ്ടെന്നും അതിനാൽ 2025 ജൂലൈ 1 മുതൽ 2025 സെപ്റ്റംബർ 28 വരെ 90 ദിവസത്തേയ്ക്കും, തുടർന്ന് ശസ്ത്രകിയ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ ചികിത്സയ്ക്കായി 2025 സെപ്റ്റംബർ 29 മുതൽ 2026 ജനുവരി 18 വരെ 112 ദിവസത്തേയ്ക്കും കൂടി ഹോസ്പിറ്റൽ ലീവ് ദീർഘിപ്പിച്ച് നല്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. എബി ചാക്കോ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ ശിപാർശ സഹിതം പരാമർശം (4) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ടിയാന് ശസ്ത്രക്രിയയെത്തുടർന്നുള്ള തുടർപരിചരണവുമായി ബന്ധപ്പെട്ട് വിശ്രമം ആവശ്യമാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഓഫീസ് അറ്റന്റന്റ് ശ്രീ എബി ചാക്കോയ്ക്ക് പരാമർശം (1), (2) എന്നിവ പ്രകാരം അനുവദിച്ച ഹോസ്പിറ്റൽ ലീവിന് തുടർച്ചയായി 01.07.2025 മുതൽ 18.01.2026 വരെ കേരള സർവീസ് റൂൾസ് ഭാഗം I ചട്ടം 103, 104 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹോസ്പിറ്റൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കെ.എസ്.ആർ. ഭാഗം I ചട്ടം 104 പ്രകാരം അവധികാലയളവിൽ ടിയാന് അർദ്ധവേതനാവധിയിലായിരിക്കുമ്പോൾ ഉള്ള അവധി ശമ്പളത്തിന് ആയിരിക്കും അർഹതയുള്ളത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**KABEER C A**
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ
2. ശ്രീ. എബി ചാക്കോ, ഓഫീസ് അറ്റൻഡന്റ്, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (20.05.2026-ലെ E-2990564/Exp.B1/684/2024-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പ് (TAXES-H1/250/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu G
Date: 19-06-2026 14:51:26
സെക്ഷൻ ഓഫീസർ